## മോഡ്യൂൾ വിതരണം

ഓപ്പൺ റഗുലർ വിദ്യാർഥികൾക്കായി സ്വയം പഠന സഹായികൾ വിതരണം ചെയ്യുന്നുണ്ട്. 2009-11 ബാച്ചിലെ വിദ്യാർഥികളുടെ മോഡ്യൂൾ, രജിസ്ട്രേഷൻ പൂർത്തിയായി ഒരു മാസത്തിനകം സ്വന്തം മേൽ വിലാസത്തിൽ സ്പീഡ് പോസ്റ്റ് മുഖാന്തിരം അയച്ചുകൊടുക്കുന്നതായിരിക്കും.

**ഓപ്പൺ റഗുലർ രജിസ്ട്രേഷൻ**

2009-11 ബാച്ച് ഓപ്പൺ റഗുലർ കോഴ്സ് പ്രവേശനം 10.07.09 മുതൽ ആരംഭിച്ചിരിക്കുന്നു. 2009 ആഗസ്റ്റ് 26 വരെ പിഴകൂടാതെയും, 2009 ആഗസ്റ്റ് 31 വരെ 50 രൂപ പിഴയോടുകൂടിയും, സെപ്റ്റംബർ 5 വരെ 250/- രൂപ പിഴയോടുകൂടി അപേക്ഷ സ്വീകരിക്കുന്നതാണ്. അപേക്ഷാ ഫാറവും പ്രോസ്പെക്റ്റസും തെരഞ്ഞെടുത്ത പോസ്റ്റ് ഓഫീസിൽ നിന്ന് 100 രൂപ നൽകി വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓപ്പൺ സ്കൂളിന്റെ ഔദ്യോഗിക സൈറ്റിൽ (www.openshcool.kerala.gov.in) ലഭിക്കുന്നതാണ്.

**<u>രണ്ടാം വർഷ പിസിപി ക്ലാസ്സ്</u>**

2008-10 ഓപ്പൺ റഗുലർ ബാച്ചിന്റെ 2-ാം വർഷ സമ്പർക്ക ക്ലാസുകൾ 2009 ജൂലായ് 19 മുതൽ ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അതത് പഠന കേന്ദ്രങ്ങളേയോ, ജില്ലാ കേന്ദ്രങ്ങളേയോ സമീപിക്കേണ്ടതാണ്.

## അഡീഷണൽ മാത്തമാറ്റിക്സ് പ്രവേശനം

2009-10 അധ്യായന വർഷത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി 'ബി' ഗ്രൂപ്പിൽ പ്രവേശനം നേടിയ വിദ്യാർഥികൾക്ക് മാത്തമാറ്റിക്സ് വിഷയം ഓപ്പൺ സ്കൂളിൽ അഡീഷണലായി രജിസ്റ്റർ ചെയ്ത് പഠിക്കാവുന്നതാണ്. അപേക്ഷാഫാറവും പ്രോസ്പെക്റ്റസും ഓപ്പൺ സ്കൂൾ ഔദ്യോഗിക സൈറ്റിൽ നിന്നും ലഭിക്കുന്നതാണ് കോഴ്സ് ഫീസ് 250/- രൂപ.10.07.09 മുതൽ 31.07.09 വരെ പിഴകൂടാതെയും, 01.08.09 മുതൽ 10.8.09 വരെ 25 രൂപ പിഴയോടുകൂടിയും ഫീസ് ഒടുക്കി സ്കൂളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ വിദ്യാർഥികൾക്കായുള്ള പാഠപുസ്തക വിതരണം

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥികൾക്ക് ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ ഓപ്പൺ സ്കൂൾ വഴി വിതരണം ചെയ്യുന്നതാണ്.

പാഠപുസ്തകങ്ങൾ ലഭിക്കാൻ വിദ്യാർഥികൾ ചെയ്യേണ്ടത്.

- തെരഞ്ഞെടുത്ത എസ്.ബി.ടി ശാഖകളിൽ പാഠപുസ്തകത്തിനായുള്ള പ്രത്യേക ചെലാനിൽ പുസ്തകങ്ങളുടെ വില ഒടുക്കേണ്ടതാണ്.
- വില ഒടുക്കിയ ഒറിജിനൽ ചെലാനും കെ.എസ്.ഒ.എസ്-ൽ നിന്ന് വിദ്യാർഥികൾക്ക് ലഭിക്കുന്ന ഐഡന്റിറ്റി കാർഡ്/പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ അതേ ദിവസം തന്നെ അതത് ജില്ലാ കേന്ദ്രങ്ങളിൽ പാഠപുസ്തകങ്ങൾക്കായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

എസ്.ബി.ടി ശാഖകളിൽ പണമെടുക്കേണ്ട തീയതികൾ, പുസ്തക വിതരണം നടത്തുന്നതീയതികൾ എന്നിവ പ്രാദേശിക പത്രങ്ങൾ, വെബ്സൈറ്റ് എന്നിവ വഴി ലഭിക്കുന്നതാണ്.

2008-10 ബാച്ചിലെ വിദ്യാർഥികൾക്കായുള്ള രണ്ടാം വർഷ ഹയർസെക്കണ്ടറി പാഠപുസ്തക വിതരണം ജൂലായ് ആഗസ്റ്റ് മാസങ്ങളിൽ പൂർത്തിയാക്കുന്നതാണ്. 2009-11 ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായതിനുശേഷം ഒന്നാം വർഷ പാഠപുസ്തക വിതരണത്തിനായുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. അവ യഥാസമയങ്ങളിൽ പത്രങ്ങൾ മുഖേനയും വെബ് സൈറ്റിൽ നിന്നും അറിയാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അതത് ജില്ലാ കേന്ദ്രങ്ങളുമായി ബന്ധപ്പെടേണ്ടതാണ്.